**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 937** **18-09-2025 - ൽ മറുപടിയ്ക്ക്**

**ലൈവിലിഹുഡ് മിഷൻ ഫോർ ട്രൈബൽ സെറ്റിൽമെന്റ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ഡോ. കെ. ടി. ജലീൽ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ലൈവിലിഹുഡ് മിഷൻ ഫോർ ട്രൈബൽ സെറ്റിൽമെന്റിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് സുസ്ഥിരമായ ഉപജീവന സാധ്യതകൾ ഒരുക്കി കൊടുക്കുക, അതു വഴി അവരുടെ വരുമാനം വർദ്ധിപ്പിക്കുക, മികച്ച പിന്തുണയിലൂടെ സമഗ്രമായ മാനവിക പുരോഗതി ഉറപ്പാക്കുക എന്നിവ പദ്ധതി ലക്ഷ്യം വയ്ക്കുന്നു. വരുമാനം സൃഷ്ടിക്കുന്ന വൈവിധ്യമായ പ്രവർത്തനങ്ങളിലൂടെ സുസ്ഥിര സാമ്പത്തിക സ്വാതന്ത്ര്യം സുഗമമാക്കികൊണ്ട് പട്ടിക വർഗ്ഗ സമുദായങ്ങളെ ശാക്തീകരിക്കുന്നതും പദ്ധതിയുടെ ലക്ഷ്യങ്ങളാണ് |
| (ബി) | പ്രസ്തുത പാക്കേജ് നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി എത്ര തുക ഈ വർഷം വകയിരുത്തിയിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | 2025-26 വർഷത്തിൽ പദ്ധതിക്കായി 800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു |
| (സി) | മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ അക്കാദമിക നിലവാരവും വിജയ ശതമാനവും മെച്ചപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | (സി) | മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ അക്കാഡമിക് നിലവാരം വർദ്ധിപ്പിക്കുന്നതിനായി സ്മാർട്ട് ക്ലാസ് റൂമുകൾ, സ്മാർട്ട് ലാബുകൾ എന്നിവ സജ്ജീകരിച്ചു വരുന്നു. വിദ്യാർത്ഥികളിൽ ഗണിത പഠന സഹായിയായി മഞ്ചാടി പദ്ധതിയും ശാസ്ത്ര പഠന സഹായിയായി മഴവിൽ പദ്ധതിയും K DISC ന്റെ സഹായത്തോടെ നടത്തിവരുന്നു. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി റെമഡിയൽ ക്ലാസുകളും നൽകി വരുന്നുണ്ട്. 2024-25 വർഷം SSLCപരീക്ഷയിൽ എല്ലാ MRS കളും 100% വിജയം നേടിയിട്ടുണ്ട്. ഹയർ സെക്കണ്ടറിയിൽ വടശ്ശേരിക്കര MRS 100% വിജയം നേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ